പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5946 — 09.07.2012 -ൽ മറുപടിക്ക്

## കർണ്ണാടക ഭാഗത്തേക്ക് റോഡ് നിർമ്മാണത്തിന് അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. കൃഷ്ണൻ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ). | ഏഴിമല നേവൽ അക്കാദമിയിൽ നിന്നും വെള്ളൂർ-പാടിയോട്ടുചാൽ-പുളിങ്ങോം റോഡു വഴി കേരളത്തിൽ നിന്നും കർണ്ണാടകയിലേക്ക് ചുരുങ്ങിയ ദൂരത്തിൽ എത്തുന്നതിനായി കേരള അതിർത്തിയായ മുണ്ടകോട്ട് പാലം വരെ റോഡ് നിർമ്മിച്ചിട്ടുണ്ടോ; | (എ). | ഏഴിമല നേവൽ അക്കാദമിയിൽ നിന്നും വെള്ളൂർ-പാടിയോട്ടുചാൽ-പുളിങ്ങോം വരെ ജില്ലാ നിലവാരത്തിലുള്ള റോഡ് നിലവിലുണ്ട്. കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽപ്പെടുത്തി ചെറുപുഴ മുതൽ പുളിങ്ങോം വരെയുള്ള 4.50 കി.മീ. റോഡ് അഭിവൃദ്ധിപ്പെടുത്തുകയും മുണ്ടറോട്ട് പാലം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി). | ഉണ്ടെങ്കിൽ വർഷങ്ങൾ കഴിഞ്ഞിട്ടും കർണാടക ഭാഗത്തേക്ക് റോഡ് നിർമ്മിക്കുവാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ? | (ബി). | കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് കേരളത്തിലെ ഏഴിമല- വെള്ളൂർ-പാടിയോട്ടുചാൽ- ചെറുപുഴ-പുളിങ്ങോം എന്നീ സ്ഥലങ്ങളെ തമ്മിൽ ബന്ധപ്പെടുത്തി കർണ്ണാടക ജില്ലയിലെ തലക്കാവേരി വരെ നീളുന്ന ഒരു റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രോപ്പോസലാണ് ഇപ്പോൾ കേരള സർക്കാരിന്റെ പരിഗണനയിലുള്ളത്. ഇതിൽ മുണ്ടറോട്ട് പാലത്തിന് ശേഷമുള്ള സ്ഥലം കർണ്ണാടക സർക്കാരിന്റെ അധീനതയിലാണ്. കർണ്ണാടക ഭാഗത്തേക്ക് മുണ്ടറോട്ട് പാലം മുതൽ തലക്കാവേരി വരെ 18 കി.മീ. നീളത്തിൽ 6 മീറ്റർ വീതിയിലുള്ള മൺറോഡ് നിലവിലുണ്ട്. ഇതിൽ മുണ്ടറോട്ട് പാലത്തിനു ശേഷമുള്ള 9 കി.മീ. കർണ്ണാടക വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലമാണ്. പ്രസ്തുത റോഡ് കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് അഭിവൃദ്ധിപ്പെടുത്തുന്നതിന് |

നിലവിലുള്ള വ്യവസ്ഥ പ്രകാരം കർണ്ണാടക സംസ്ഥാനം പ്രസ്തുത റോഡ് MDR അല്ലെങ്കിൽ SH ആയി അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട്. ആയതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് 01.10.2010-ന് കർണ്ണാടക പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയെങ്കിലും കർണ്ണാടക സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. കേരള സർക്കാർ റോഡ് നിർമ്മാണത്തിനായി 31.08.2010-ൽ കർണ്ണാടക സർക്കാരിലെ വനവും പരിസ്ഥിതിയും വകുപ്പിനോട് അനുമതി തേടിയെങ്കിലും 26.03.2011-ലെ കത്ത് മുഖേന കേരളത്തിന്റെ അപേക്ഷ സ്വീകാര്യമല്ല എന്ന് കർണ്ണാടക സർക്കാർ അറിയിച്ചിട്ടുണ്ട്. പുതിയ സർക്കാർ അധികാരം ഏറ്റെടുത്ത ശേഷം 26.01.2012-ൽ ബഹു. കേരള മുഖ്യമന്ത്രി ഇക്കാര്യം പുന:പരിശോധിക്കണം എന്നും റോഡു നിർമ്മാണത്തിന് അനുമതി നൽകണം എന്നും അഭ്യർത്ഥിച്ച് ബഹു.കർണ്ണാടക മുഖ്യമന്ത്രിക്ക് കത്തും 25.05.2012-ൽ ഓർമ്മക്കുറിപ്പും അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കർണ്ണാടക സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ കർണ്ണാടക സർക്കാരിന്റെ അനുമതി ലഭിക്കാത്തതാണ് ടി റോഡ് നിർമ്മാണം വൈകുന്നതിന്റെ പ്രധാന കാരണം.

**സെക്ഷൻ ഓഫീസർ**